**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3050 — 07.02.2018-ൽ മറുപടിക്ക്

## കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ് | | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ കോന്നിയിൽ പ്രവർത്തിക്കുന്ന സബ് സെന്ററിന് കോന്നി മെഡിക്കൽ കോളേജിനോട് അനുബന്ധിച്ചുള്ള 16.19-ആർ സ്ഥലം വിട്ടുനൽകുന്നതിലേക്കായി അർത്ഥനാപത്രം നൽകണമെന്നാവശ്യപ്പെട്ട് പത്തനംതിട്ട ജില്ലാകളക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെന്റർ ഡയറക്ടറിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ; വ്യക്തമാക്കുമോ;<br><br>(ബി) ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചതിന് ശേഷം നാളിതുവരെ ഭൂമികൈമാറ്റത്തിനുള്ള നടപടികൾ പൂർത്തീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;<br><br>(സി) ഭൂമി കൈമാറ്റ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് കെട്ടിടം പണി ഉടൻ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ; | (എ) (ബി), & (സി) | ഉണ്ട്, 26.9.2017 ൽ. പത്തനംതിട്ട ജില്ലയിൽ കോന്നിയിൽ കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി പണിയുന്നതിനായി 2 കോടി രൂപ കോന്നി എം എൽ എ യുടെ പ്രാദേശിക ആസ്തി വികസന ഫണ്ടിൽ നിന്നും നൽകുന്നതിന് സ.ഉ. (ആർ.ടി) നം. 838/2015/പി.ഡബ്ല്യൂ ഡി തീയതി 16.6.2015 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആയത് പ്രകാരം, കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽ ബ്ലോക്ക് 35 -ൽ സർവ്വെ 120/1, 120/3, 120/4 എന്നിവയിൽ ഉൾപ്പെട്ട 77.76 ആർ സ്ഥലത്തിന്റെ കിഴക്കുവശത്ത് 16.19 ആർ സ്ഥലം ടി ആവശ്യത്തിലേക്ക് അനുയോജ്യമാണെന്ന് കോന്നി തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഭൂമി കൈമാറുന്നതിലേക്കായി നിശ്ചിത ഫോറ ത്തിൽ (മൂന്ന് പ്രതി) അപേക്ഷ ലഭ്യമാക്കാൻ പത്തനംതിട്ട ജില്ലാകളക്ടർ സിസിഇകെ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) കോന്നിയിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനം അവിടെനിന്നും മാറ്റിക്കൊണ്ട് പോകുന്നതിന് ആരെങ്കിലും കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ആരാണ്; ആയതിന്മേലുള്ള തീരുമാനം വ്യക്തമാക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ